# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുണാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA IDK 12-1170/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 17/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുണാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK 12-1170/21 തീയ്യതി: 17/03/2022

## ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 28-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 29-11-2020 | 09-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 29-11-2021 | 09-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. മെജോ കെ. ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ (02.12.2021 വരെ മാത്രം)

ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ (04.12.2021 വരെ മാത്രം)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ടോമി പ്ലാവുവച്ചതിൽ | പ്രസിഡന്റ് | 01-04-2019 | 11-11-2020 |
| ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി വിൻസി വാവച്ചൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സുനിൽ സെബാസ്റ്റ്യൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ നിതിൻകുമാർ എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ മനോജ് എ സി | വി.ഇ.ഒ | 01-04-2020 | 31-05-2020 |
| ശ്രീമതി റീനാമോൾ ചാക്കോ | വി.ഇ.ഒ | 01-06-2020 | 31-03-2021 |
| ശ്രീ സൈജു ടി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 06-01-2021 |
| ശ്രീമതി രശ്മി രാജൻ | അസിസ്റ്റന്റ് എൻജിനീയർ (അധിക ചുമതല) | 07-01-2021 | 26-03-2021 |
| ശ്രീ അബ്ദുൾ സമദ് | അസിസ്റ്റന്റ് എൻജിനീയർ | 27-03-2021 | 31-03-2021 |
| ശ്രീമതി അന്നമ്മ കെ സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 30-11-2020 |
| ശ്രീമതി ലേഖ ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-12-2020 | 31-03-2021 |
| ഡോ കാർത്തിക സനൽ | വെറ്ററിനറി സർജൻ | 01-04-2020 | 30-09-2020 |
| ഡോ പിച്ചൈ മുരുക**ൻ** | വെറ്ററിനറി സർജൻ | 01-10-2020 | 26-02-2021 |
| ഡോ വിശാഖ് സി കെ | വെറ്ററിനറി സർജൻ | 27-02-2021 | 31-03-2021 |
| ഡോ വിനീത പി സൈമൺ | മെഡിക്കൽ ഓഫീസർ (പി. എച്ച് സി | 01-04-2020 | 31-03-2021 |
| ശ്രീ ബ്രൈറ്റ്മോൻ പി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-3 |
| 4 | വിവിധോദ്ദേശ്യഗ്രാന്റുകൾ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-3-1 |
| 5 | റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 64 ശതമാനം മാത്രം<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-02-2022) | 1-3-2 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-02-2022) | 1-3-3 |
| 7 | പദ്ധതി അവലോകനം<br>Written By: Majo K George (Asst. Audit Officer, On 12-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.S.Dhanajayan (Audit Officer, On 10-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Joseph Chacko (Asst. Audit Officer, On 08-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-6 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-7 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 10-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-8 |
| 12 | പ്രതിമാസ, വാർഷിക റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-02-2022) | 1-9 |
| 13 | നികുതി, നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-10 |
| 14 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല.<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-02-2022) | 1-11 |
| 15 | സ്റ്റേയിൽ ചെക്കുകളുടെ ക്രമീകരണം നടത്തിയിട്ടില്ല<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-02-2022) | 1-12 |
| 16 | വരുമാനങ്ങളുടെ ജേണൽ എൻട്രി കൃത്യമായി ചെയ്യുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-02-2022) | 1-13 |
| 17 | മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.<br>Written By: DENNIS JOSEPH (Auditor, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 17-02-2022) | 1-14 |
| 18 | കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധിവിഹിതം -കളക്ഷൻ ചാർജ്ജ് | 1-15 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല.<br>Written By: T.S.Dhanajayan (Audit Officer, On 05-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 17-02-2022) | |
| 19 | രണ്ടാം വാർഡിൽ പുതിയ കമ്യൂണിറ്റി ഹാൾ നിർമ്മാണം - അധിക തുക പിൻവലിച്ചിരിക്കുന്നു<br>Written By: T.S.Dhanajayan (Audit Officer, On 10-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 16-03-2022) | 1-16 |
| 20 | കാലിവീപ്പയുടെ വില ഈടാക്കിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 10-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-17 |
| 21 | വൃദ്ധർക്ക് കട്ടിൽ - വിതരണ രേഖകളില്ല<br>Written By: Joseph Chacko (Asst. Audit Officer, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-18 |
| 22 | തുക്കപാലം പബ്ലിക് മാർക്കറ്റ് സമുച്ചയം പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: T.S.Dhanajayan (Audit Officer, On 09-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-19 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു<br>Written By: Joseph Chacko (Asst. Audit Officer, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-20-1 |
| 24 | ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു<br>Written By: Joseph Chacko (Asst. Audit Officer, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-20-2 |
| 25 | SSA വിഹിതം – വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 1-21 |
| 26 | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ ലഭ്യമാകാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 23-02-2022) | 1-22 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി-അപാകതകൾ<br>Written By: Majo K George (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-23 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 13-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 1-24 |
| 29 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല- വാർഷിക കണക്കുകളിലെ തുകകളിൽ വ്യക്തതയില്ല<br>Written By: Majo K George (Asst. Audit Officer, On 02-02-2022)<br>Last Updated By: Majo K George (Asst. Audit Officer, On 02-02-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | രണ്ടാം വാർഡിൽ പുതിയ കമ്യൂണിറ്റി ഹാൾ നിർമ്മാണം - അധിക തുക പിൻവലിച്ചിരിക്കുന്നു<br>Written By: T.S.Dhanajayan (Audit Officer, On 11-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 3-1 |
| 2 | കാലിവീപ്പയുടെ വില ഈടാക്കിയില്ല.<br>Written By: T.S.Dhanajayan (Audit Officer, On 11-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| | Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | |
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-02-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 23-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 21-03-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ<br>Written By: Joseph Chacko (Asst. Audit Officer, On 02-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 19-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

28.03.2020 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹15,365,530/-മുന്നിരിപ്പും ₹357,266,000/- വരവും ₹364,675,000/- ചെലവും ₹7,956,530/- രൂപ മിച്ചവും വരുന്ന 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 18.03.2020 ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. 2020-21 ബജറ്റ് തയ്യാറാക്കുന്നതിനായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നോൺ പ്ലാൻ വരവ്-ചെലവുകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കത്തും പ്രൊഫോർമയും നൽകുന്നതിനും വിവരങ്ങൾ ലഭിക്കുന്നതിനനുസരിച്ച് അതത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് നൽകുന്നതിനും 07.01.2021 ലെ തീരുമാനം-2 പ്രകാരം തീരുമാനിച്ചു. 12.03.2020ൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ അംഗീകരിച്ച നൽകിയ നോൺ പ്ലാൻ എസ്റ്റിമേറ്റുകളുടെ പ്രൊപ്പോസലുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട് (തീരുമാനം-3). സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് അധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ പരിപാലിച്ചിട്ടുണ്ട്.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. 19.02.2021 ലെ 7-1 തീരുമാന പ്രകാരം ₹15,365,530/-മുന്നിരിപ്പും ₹341,176,254/- വരവും ₹294,048,234/- ചെലവും ₹64,493,550/- രൂപ മിച്ചവും വരുന്ന 2020-21 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച ബജറ്റ് അംഗീകാരം നേടിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 14.02.2021ൽ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തി കണക്കുകൾ അംഗീകാരം നൽകുന്നതിന് ശ്രമിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 01.07.2021 | 31.07.2021 | 20.09.2021 |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 19820250 | 19820250 | 19728132 | 92118 | 99.54 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4764375 | 4764375 | 4492824 | 271551 | 94.3 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 158000 | 158000 | 158000 | 0 | 100.00 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 0 | 8694609 | 8694609 | 8694609 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 7730000 | 7730000 | 1264818 | 6465182 | 16.36 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 7730000 | 7730000 | 1862500 | 5867500 | 24.09 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 32244000 | 32244000 | 32244000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 5953000 | 5953000 | 3845786 | 2107214 | 64.6 |
| ടോട്ടൽ സാനിറ്റേഷൻ | 1696622 | 1532957 | 3229579 | 1094495 | 2135084 | |
| ഐ.സി.ഡി.എസ് | 428533 | 1384376 | 1812909 | 1777123 | 35786 | |
| ശബരിമല | 529566 | 340000 | 869566 | 0 | 869566 | |
| ടോയ്‌ലെറ്റ് | 12000 | 0 | 12000 | 0 | 12000 | |
| ശുചിത്വ മിഷൻ | 0 | 1015043 | 1015043 | 108000 | 907043 | |
| ജലനിധി | 1424211 | 0 | 1424211 | 0 | 1424211 | |
| ജലനിധി പലിശ | 746822 | 59651 | 806473 | | 806473 | |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | വോട്ടിംഗ് മെഷീൻ | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 17618000 | 2202250 | 4493373 | 1752000 | 0 | 13574877 |
| വികസനഫണ്ട് (SCP) | 4235000 | 529375 | 204862 | 0 | 0 | 4559513 |
| വികസനഫണ്ട് (TSP) | 158000 | 19750 | 14627 | 0 | 0 | 163123 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 5953000 | 0 | 0 | 0 | 60210 | 5892790 |

1-3-1 വിവിധോദ്ദേശ്യഗ്രാന്റുകൾ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 31.03.2021ലെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഗ്രാമപഞ്ചായത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

| അക്കൗണ്ട് ഹെഡ് | നീക്കിയിരിപ്പ്/ലാപ്സായ തുക (₹) |
|---|---|
| 320100102 | 14759 |
| 320100116 | 33051 |
| 320100119 | 20069 |
| 320700204 | 40100 |
| 320200309 | 34186 |
| 320300102 | 2230684 |
| 320700204 | 400100 |
| 320700404 | 640000 |

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക/വിനിയോഗ ശേഷം മിച്ചമുള്ള തുകകൾ, ഫണ്ട് അനുവദിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി അതത് സ്ഥാപനങ്ങൾക്ക് തിരികെ ഒടുക്കേണ്ടതോ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കേണ്ടതോ ആണ്.

സംയുക്ത പ്രോജക്റ്റുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ (അ) 7/2017/ധന പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

### 1-3-2 റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 64 ശതമാനം മാത്രം

2020-21 സാമ്പത്തിക വർഷത്തെ റോഡിതര സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹5953000/- ൽ ₹3845786/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 64.60 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹2107214/- ലാപ്സായി.

### 1-3-3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗൻവാടി ഹോണറേറിയം വിഹിതം, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങളുടെ സ്രോതസ്സും ഇനം തിരിച്ച് ലഭ്യമല്ല.

### 1-4 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 154411400 | 167 | 88683217 | 0 | 69 | 70.76 |

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയ്ക്ക് 2020 ജനവരി മാസം തന്നെ അംഗീകാരം ലഭിച്ചിരുന്നു. 10.69 കോടി രൂപ അടങ്കലിൽ 146 പ്രോജക്ടുകളാണ് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 4.74 കോടി രൂപ അടങ്കലിൽ 90 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2020 ജൂണിൽ പദ്ധതി പരിഷ്കരിച്ചു. 15.44 കോടി രൂപയുടെ 2020-21 വാർഷിക പദ്ധതിയിൽ കേവലം 8.86 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 291 പ്രോജക്ടുകളിൽ 70.76 ശതമാനം മാത്രമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 3 | 3 | 100 | 1450000 | 1450000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 100 | 4046709 | 1452777 | 35.9 |

| | | | | | | |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 6 | 66.67 | 5716171 | 4419187 | 77.31 |
| സെക്രട്ടറി | 48 | 26 | 54.17 | 24211519 | 14684285 | 60.65 |
| വി.ഇ.ഒ | 10 | 7 | 70 | 35301609 | 8021650 | 22.72 |
| വെറ്ററിനറി സർജൻ | 2 | 2 | 100 | 750000 | 450000 | 60 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 149 | 112 | 75.17 | 73738070 | 50819680 | 68.92 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 4 | 3 | 75 | 5500000 | 5147360 | 93.59 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 66.67 | 3697322 | 2238278 | 60.54 |
| ആകെ | 236 | 167 | 70.76 | 154411400 | 88683217 | 57.43 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 221 പ്രോജക്ടുകളിൽ 151 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ചെലവ് 66.5 ശതമാനം. പട്ടികജാതി വിഭാഗത്തിൽ 11 ൽ 10 പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 4 പ്രോജക്ടുകളും നടപ്പാക്കി.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 17 | 11 | 64.71 | 11440880 | 6590401 | 57.6 |
| സേവനം | 96 | 61 | 63.54 | 87729454 | 41802340 | 47.65 |
| പശ്ചാത്തലം | 123 | 95 | 77.24 | 55241066 | 40290476 | 72.94 |
| ആകെ | 236 | 167 | 70.76 | 154411400 | 88683217 | 57.43 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2296 | 2411618 | 2413914 | 2149738 | 264176 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 81033093 | 81033093 | 81033093 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4742300 | 221 |
| വിധവ പെൻഷൻ | 28515100 | 1232 |
| വാർദ്ധക്യകാല പെൻഷൻ | 45777900 | 2120 |
| വികലാംഗപെൻഷൻ | 957300 | 308 |
| അവിവാഹിതർക്കുള്ള പെൻഷൻ | 333000 | 14 |

തൻവർഷം ക്ഷേമപെൻഷൻ ഇനത്തിൽ നൽകിയ തുകകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. വാർഷിക ധനകാര്യ പത്രിക

തയ്യാറാക്കുമ്പോൾ പെൻഷൻ തുകകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 3323/- (മൂവായിരത്തി മുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം- 3 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 2 ഓഫീസ് അറ്റൻഡന്റ്മാരും 2 പാർട്ട് ടൈം സ്വീപ്പർമാരും 1 അക്കൗണ്ടന്റും 1 ഹെഡ് ക്ലാർക്കും 1 അസിസ്റ്റന്റ് സെക്രട്ടറിയും 1 സെക്രട്ടറിയും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.
2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം.

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട് . എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ- സൂചിക സോഫ്റ്റ് വെയറിൽ നിന്ന് എടുത്ത് സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ -ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപിച്ചു നൽകുന്ന രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നു.

ഫ്രണ്ട് ഓഫീസ് ഡയറി-ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

1-9 പ്രതിമാസ, വാർഷിക റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2020 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2020-21 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-10 നികുതി, നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല

വാർഷിക കണക്കുകളിലെ വിവിധ നികുതി-നികുതിയിതര വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളെ സാധൂകരിക്കുന്ന ഡി.സി.ബി, കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ കൃത്യമായി പരിപാലിക്കുന്നില്ല. ഡി.സി.ബി, കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകളിൽ വർഷാവസാനം സാമ്പത്തിക വർഷത്തെ ഡിമാന്റ്, കളക്ഷൻ,

ബാലൻസ് വിവരങ്ങളുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി.ബിയുടെ ആധികാരികത വ്യക്തമല്ല. വാർഷിക കണക്കുകളിലെ വസ്തു നികുതിയുടെ ഡി.സി.ബി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | വാർഷിക കണക്കുകളിലെ ബാലൻസ് |
|---|---|---|---|---|
| വസ്തുനികുതി-തൻവർഷം (ഗാർഹികം) | 1629782 | 2003943 | (-)374161 | 294614 |
| വസ്തുനികുതി-തൻവർഷം (ഗാർഹികേതരം) | 2063907 | 1104599 | 959308 | 293442 |

വസ്തു നികുതി സോഫ്റ്റ്‌വെയറായ സഞ്ചയയിൽ ഡി.സി.ബി റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്നതിന് സാധിക്കുന്നില്ല. ഡി.സി.ബി/കുടിശിക ഡി.സി.ബി രജിസ്റ്ററുകൾ സർക്കാർ നിർദ്ദേശങ്ങൾക്ക് പൂരകമായി പരിപാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല.

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശിക ഡിമാന്റ്, കുടിശിക പിരിവ്, കുടിശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

## 1-12 സ്റ്റെയിൽ ചെക്കുകളുടെ ക്രമീകരണം നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2021-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹2500/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നുമാസകാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനതുഫണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 1-13 വരുമാനങ്ങളുടെ ജേണൽ എൻട്രി കൃത്യമായി ചെയ്യുന്നില്ല

സാംഖ്യ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 31.03.2020-ൽ പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളത് 2020 മെയ് മാസമാണ്. സാമ്പത്തിക വർഷം വരവുകൾ അസസ് ചെയ്ത് നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-14 മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും നിയമാനുസൃതമായ ഫീസ് ഈടാക്കുന്നില്ലെന്ന ബോധ്യമായി. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/2017- ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡി.&ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പൊല്യൂഷൻ കൺട്രോൾ ബോർഡ് പുതുക്കൽ അനുവാദപത്രം പ്രകാരമുള്ള മൂലധനനിക്ഷേപം (ലക്ഷം) | ഈടാക്കിയ തുക (₹) | ഈടാക്കാമായിരുന്ന പരമാവധി തുക (₹) |
|---|---|---|---|---|---|
| 1 | 24 | ട്രാൻക്വിൽ ഗ്രീൻസ് റിസോർട്ട് | 2600 | 1000 | 10000 |

മൂലധന നിക്ഷേപം സംബന്ധിച്ച വിവരം ഉൾപ്പെടുത്തി മാത്രം അപേക്ഷ സ്വീകരിച്ച് ആനുപാതികമായ ഫീസ് ഈടാക്കുന്നതിനും രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-15 കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധിവിഹിതം -കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി വിഹിതം ഇനത്തിൽ വസൂലാക്കുന്ന തുകയുടെ 1% ഇതിന്റെ കളക്ഷൻ ചാർജ്ജിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതാണ്. തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ നിന്നെല്ലാം കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി വിഹിതം ഈടാക്കി ഒടുക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ ചാർജ്ജ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കാതെ 1% തുക പൂർണ്ണമായി കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി ബോർഡിലേയ്ക്ക് ഒടുക്കിയിരിക്കുന്നു. കളക്ഷൻ ചാർജ്ജ് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-16 രണ്ടാം വാർഡിൽ പുതിയ കമ്യൂണിറ്റി ഹാൾ നിർമ്മാണം - അധിക തുക പിൻവലിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 189/19, 159/21 |
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| അടങ്കൽ | ₹1000000/-<br>(വികസനഫണ്ട്-പൊതുവിഭാഗം ₹865610/-,<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്- ₹134390/-) |
| കരാറുകാരൻ | ശ്രീ രാജേന്ദ്രൻ ടി വി |
| അളവ് ബുക്ക് | 271/18-19 |
| കരാർ നം/ തുക | 64/19-20/AE/KPM Dt. 12.12.2020 ₹981965.24 |
| ബിൽ നം. തുക | 18100452012701239704/22.02.2019 ₹687783/-<br>19100452012701351170/26.02.2020-₹134390/- |

| | |
|---|---|
| | 20100452012700074989/17.04.2020 -₹95683/- |
| ആകെ | ₹ 917856 |

2018-19 വർഷം ആരംഭിച്ച ഈ പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ആദ്യപാർട്ട് ബിൽ പ്രകാരം റീട്ടെൻഷൻ പിടിച്ച ₹17195/- ഫൈനൽ ബിൽ പ്രകാരം കരാറുകാരന് നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ട്രഷറി ബിൽ പകർപ്പ് പ്രകാരം സെക്രട്ടറിയുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

2. അളവ് ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം ₹900661.74/-. എന്നാൽ മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം ₹917856/- ചെലവഴിച്ചിരിക്കുന്നു. ₹17195/-അധികമായി ചെലവ് ചെയ്തിരിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/08.12.2021 ന് മറുപടി ലഭിച്ചിട്ടില്ല. അധികം ചെലവഴിച്ച് തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന ₹17195/- വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

1-17 കാലിവീപ്പയുടെ വില ഈടാക്കിയില്ല

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ, പേര് | കട്ടേക്കാനം കുന്നത്തുപടി തണ്ണിപ്പാറ പുരുഷൻ മുക്ക് റോഡ് ടാറിംഗ് 209/21 |
| അടങ്കൽ തുക ₹ | ₹743520/- (മെയിന്റനൻസ് ഗ്രാന്റ്- റോഡ്) |
| കരാറുകാരൻ | ശ്രീ പി കെ സോമൻപിള്ള |
| അളവു പുസ്തകം | 490/20 |
| ആകെ ബിൽ തുക ₹ | 20100452012700263770/16.06.2020-₹743520 |
| SS1 ബിറ്റുമിൻ അളവു പുസ്തകപ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം )/വീപ്പകളുടെ എണ്ണം | 927കി ഗ്രാം<br>927/200= 4.645 |
| RS1 ബിറ്റുമിൻ അളവു പുസ്തകപ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം )/വീപ്പകളുടെ എണ്ണം | 300 കി. ഗ്രാം<br>300/182=1.64 |
| S-65(VG-30) ഉപയോഗിച്ച അളവ് (കി.ഗ്രാം)/ വീപ്പകളുടെ എണ്ണം | 2298<br>2298/156=14.73 |
| ആകെ കാലിവീപ്പകൾ | 22 |

ഒരു കാലിവീപ്പയുടെ മൂല്യം = ₹238/- + 18% GST

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 40 വീപ്പകളുടെ മൂല്യം =22x 238 = ₹5236/-

ബാധകമായ GST = (238 X 18% ) X 22 =₹942.48/-

ആകെ = ₹6178.48/- അതായത്₹ 6178 /-

തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/തീ.09.12.2021 ) മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ(പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ എന്നിവ പ്രകാരം കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. കാലിവീപ്പകളുടെ മൂല്യം ₹6178/-

കരാറുകാരനിൽനിന്നോ, ബില്ലിൽനിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയറിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-18 വൃദ്ധർക്ക് കട്ടിൽ - വിതരണ രേഖകളില്ല

| | |
|---|---|
| പദ്ധതി | വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ (262/21) (SO 99/20) |
| ചെലവ് | ₹348000/-<br>ചെക്ക് നം./തീയതി 2971121/29.7.2020 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ 60 വയസിന് മുകളിൽ പ്രായമുള്ള നിർദ്ധനരായ വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം ആർട്ട്കോ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ₹4350/- നിരക്കിൽ 80 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ആയതിന് തനതുഫണ്ടിൽ നിന്നും ₹348000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കട്ടിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല. പദ്ധതി ഫയലിൽ 59 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണുള്ളത്. ഗുണഭോക്താക്കളുടെ പൂർണ്ണമായ അപേക്ഷ, ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റ രേഖ എന്നിവയുടെ അഭാവത്തിൽ ₹348000/- ചെലവ് തടസപ്പെടുത്തുന്നു.

1-19 ഉുക്കുപാലം പബ്ലിക് മാർക്കറ്റ് സമുച്ചയം പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഉുക്കുപാലം പബ്ലിക് മാർക്കറ്റിൽ പുതിയ മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. SIDCO യെ PMC ആയി നിയോഗിച്ചാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നം | 199/21 |
| അടങ്കൽ | ₹9000000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ് - ₹5000000/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം -₹4000000/-) |
| നിർവ്വഹണ ഏജൻസി | സിഡ്കോ |
| അളവ് ബുക്ക് | 524/18 |
| കരാർ നം/ തുക | നം രേഖപ്പെടുത്തിയിട്ടില്ല. Dt. 10.03.2020 (ഗ്രാമപഞ്ചായത്ത് സെക്രട്ടറി-സിഡ്കോ നിർമ്മാണ വിഭാഗം തലവൻ) |
| ബിൽ നം/ ചെക്ക് നം. തുക | 20100452012701404597/27.03.2021- ₹5000000/-<br>ചെക്ക് നം - 0925228/29.03.2021- ₹624870/- |
| സൈറ്റ് കൈമാറിയ തീയതി | ഫയലിൽ ഇല്ല |
| പൂർത്തീകരിച്ച തീയതി | പൂർത്തീകരിച്ചില്ല – പാർട്ട് ബിൽ നൽകിയിരിക്കുന്നു. |
| പൂർത്തീകരിക്കേണ്ട കാലയളവ് | അക്രഡിറ്റഡ് ഏജൻസിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് സൈറ്റ് കൈമാറുന്ന അന്നുമുതൽ 6 മാസം |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ/വിശദീകരണങ്ങൾ ഹാജരാക്കിയില്ല.

1. എസ്റ്റിമേറ്റ്.

2. സൈറ്റ് കൈമാറിയ രേഖ

3. അക്രഡിറ്റഡ് ഏജൻസി ടെണ്ടർ നടപടിയിലൂടെ കരാറുകാരനെ കണ്ടെത്തിയ രേഖകൾ.

4. സെന്റേജ് ചാർജ്ജിനത്തിൽ ₹378333/-ഉം 18%ജി എസ് ടി യായി ₹68100/- നൽകിയിരിക്കുന്നു. ജി എസ് ടി നൽകിയ തുകയിൽ നിന്ന് 2% ഈടാക്കി ജി എസ് ടി വകുപ്പിൽ ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 8/07.12.2021-ന് മറുപടി ലഭ്യമാക്കിയില്ല.
പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുടർവർഷ ഓഡിറ്റിൽ ഇവ ഹാജരാക്കേണ്ടതാണ്.

1-20-1 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 300000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (137/21) പദ്ധതി പ്രകാരം വൗച്ചർ നം. 22001032/3.3.21 പ്രകാരം തനതുഫണ്ടിൽ നിന്നും ₹50000/-, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ബിൽ നം.20100452012601111901/19.2.21 പ്രകാരം ₹150000/- ആലപ്പുഴയിലുള്ള ഹോമിയോപ്പതിക് ഫാർമസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹150,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി 6/07.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20-2 ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

| | |
|---|---|
| പദ്ധതി | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (138/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം./തുക | ബിൽ നം.20100452012601452657/31.3.21<br>₹240000/- (മെയിന്റനൻസ് ഗ്രാന്റ്) |

പ്രസ്തുത പദ്ധതി പ്രകാരം ആയുർവേദ ആശുപത്രിക്ക് മരുന്നുകൾ ലഭിക്കുന്നതിന് ഔഷധി, തൃശ്ശൂരിന് മേൽ ബിൽ പ്രകാരം ₹240000/- നൽകിയിട്ടുണ്ട്. ഇതിൽ 221666/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 18334/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനവശേഷിക്കുന്നു. ആയത് ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ₹18334/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം. 6/07.12.2021 ന് മറുപടി ഹാജരാക്കിയില്ല.

1-21 SSA വിഹിതം – വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത്

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 600000/- |
| ചെലവ് | ₹ 471915/- |

SSA വിഹിതമായി (2/21) 2020-21-ൽ വികസനഫണ്ടിൽ നിന്നും ബിൽ നം.20100452012600915715/8.1.21 പ്രകാരം ₹471915/- നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുക കരുണാപുരം ഗ്രാമപഞ്ചായത്തിലുള്ള സ്കൂളുകളിലേയ്ക്ക് യഥാവിധി വിനിയോഗിച്ചതിന്റ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ₹471915/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം. 06/07.12.2021 ന് മറുപടി ലഭ്യമാക്കിയില്ല.

1-22 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ ലഭ്യമാകാത്തത്

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 350000/- (തനത് ഫണ്ട്) |

പഞ്ചായത്ത് ഓഫീസ്, തൊഴിലുറപ്പ് ഓഫീസ്, കൃഷിഭവൻ എന്നീ ഓഫീസുകളിലേയ്ക്കായി കമ്പ്യൂട്ടർ വാങ്ങുന്നതിന് (287/21) തനതുഫണ്ടിൽ നിന്നും ചെക്ക് നം. JM-0925227/28.3.21 പ്രകാരം ₹198985/- കെൽട്രോണിന് നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ ഒന്നിന് ₹39797/- നിരക്കിൽ 5 ഡസ്ക് ടോപ് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനാണ് തുക നൽകിയത്. എന്നാൽ നാളിതുവരെ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല. കെൽട്രോണുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 06/07.12.2021 നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ലഭ്യമാകാത്തതിനാൽ ₹198985/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി-അപാകതകൾ

പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ഫണ്ട് | നിർവ്വഹണ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | (₹) | (₹) | | ഉദ്യോഗസ്ഥൻ |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (43/2020) | 205000 | 195000 | വികസന ഫണ്ട് (പട്ടികജാതിവിഭാഗം) | അസിസ്റ്റന്റ് സെക്രട്ടറി |

2019-20 ൽ ആവിഷ്കരിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2019-20 ൽ ധനസഹായം നൽകിയതിന്റെ ബാലൻസ് തുക 3 വിദ്യാർത്ഥികൾക്ക് 2020-21 ൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ പഠനമുറി നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. 14.02.2018-ലെ സ.ഉ(സാധാ) നം.22/2018/തസ്വഭവ പ്രകാരം 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണമുള്ള വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഠനമുറിയ്ക്കായുള്ള തുക മൂന്ന് ഗഡുക്കളായി പണം അനുവദിക്കാമെന്നും രണ്ടും മൂന്നും ഗഡുക്കൾ അസിസ്റ്റന്റ് എഞ്ചിനിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കണമെന്നും 28.01.2020-ലെ സ.ഉ(സാധാ)നം.221/2020/തസ്വഭവ-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഠനമുറി നിർമ്മിക്കുമ്പോൾ വയറിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിൽ വാല്യുവേഷൻ കൂടാതെ ₹9100/-, എന്നാൽ 2 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി അനുവദിക്കാവുന്നതാണെന്ന് 22.06.2020ലെ സ.ഉ (സാധാ) നം.1216/2020/തസ്വഭവ പ്രാകാരം അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പഠനമുറി നിർമ്മിയ്ക്കുന്നതിന് വൈദ്യുതീകരണത്തതിനും മേശ, കസേര, അലമാര, ഫാൻ തുടങ്ങിയ ഫർണിച്ചറുകൾ വാങ്ങുന്നതിന് ഉൾപ്പടെയുമുള്ള തുകയും ഉൾപ്പെടുത്തിയാണ് അസിസ്റ്റന്റ് എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ, പഠനമുറി നിർമ്മിയ്ക്കുന്നതിനും വയറിംഗ് പ്രവൃത്തികൾ നടത്തുന്നതിനും മാത്രമാണ് ധനസഹായം അനുവദിക്കുന്നതിന് അനുമതിയുള്ളത്. അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെയും വാല്യൂവേഷന്റെയും അനുവദിച്ച ധനസഹായത്തിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | പഠന മുറിയ്ക്കുള്ള എസ്റ്റിമേറ്റ് (₹) | ഇലക്ട്രിഫി ക്കേഷനുള്ള എസ്റ്റിമേറ്റ് (₹) | ഫർണി ച്ചറിനുള്ള എസ്റ്റിമേറ്റ് (₹) | മറ്റുള്ളവ (₹) | ആകെ (₹) | വാല്യു വേഷൻ (₹) | ബിൽ നം/ തിയതി | തുക (₹) |
|---|---|---|---|---|---|---|---|---|---|
| 1 | അക്ഷയ സുരേഷ്, കുഴിക്കാട്ട്, രാമക്കൽമേട് | 161875 | 12000 | 20000 | 6125 | 200000 | 200000 | 20100452012800468916 /25.08.2020 (125000/- 2019-20ൽ നൽകി) | 75000 |
| 2 | ശ്രീനിധി മോനിച്ചൻ, മുണ്ടുഴിയിൽ, കമ്പംമെട്ട് | 161875 | 12000 | 20000 | 6125 | 200000 | 190000 | 2010045201280071165 /25.08.2020 | 25000 |
| | | | | | | | | 20100452012800970676 /20.01.2021 | 65000 |
| 3 | വിഷ്ണു ബി കെ, തൊട്ടുവിളയിൽ, കുഴിത്തൊളു | 161875 | 12000 | 20000 | 6125 | 200000 | 200000 | 20100452012800188047 /21.05.2020 (80000/- 2019-20ൽ നൽകി) | 30000 |

പ്രോജക്ടിനായി 2020-21 സാമ്പത്തിക വർഷം ₹195000/- ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സിവിൽ വർക്കിന്റെ വാല്യുവേഷനിൽ കുറവായി കാണുന്ന നിർമ്മിതികളിൽ ഫർണിച്ചറുകളുടെയും ഇലക്ട്രിക്ക് സാമഗ്രികളുടെയും ബിൽകൂടി ഉൾപ്പെടുത്തിയാണ് മൂല്യനിർണ്ണയം നടത്തിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം കാരണം വിശദമായ മൂല്യനിർണ്ണയം നടത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർക്ക് സാധിച്ചില്ലയെന്നും മറുപടി നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിനാൽ ₹195000/- തടസപ്പെടുത്തുന്നു. ഫർണിച്ചറുകൾ വാങ്ങിയതിനും വൈദ്യുതീകരണത്തിനായി അധിക തുക ചെലവഴിച്ചതിനും പ്രത്യേകാനുമതി ലഭ്യമാക്കിയിട്ടില്ല. ഇതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം അധികമായി അനുവദിച്ച ധനസഹായം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### 1-24 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കരുണാപുരം ഗ്രാമപഞ്ചായത്തിൽ നടത്തപ്പെട്ട പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

യൂത്ത് വോളന്റിയർമാർക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. ഇതിനായി ₹5000/- ചെലവഴിച്ചിട്ടുണ്ട്.

പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയും കരുതലിനുമായി പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും, അസി. സെക്രട്ടറി കൺവീനറായുമുള്ള പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

20.4.2021-ൽ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി പ്രത്യേക മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ഫസ്റ്റ് ബെൽ പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

തരിശ് ഭൂമികൃഷി പദ്ധതി ആവഷ്കിരിച്ചിട്ടില്ല.

പഞ്ചായത്തിൽ ഒരു എഫ്.എൽ.റ്റി.സി ആരംഭിച്ച് തൃപ്തികരമായി പ്രവർത്തിച്ച് വരുന്നു. ഒരു കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 3 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ₹288140/- ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ധന സഹായമൊന്നും ലഭിച്ചിട്ടില്ല. റേഷൻ കടയിൽ നിന്നും 200Kg, മറ്റ് മാർഗ്ഗങ്ങളിൽ നിന്നായി 150 കിലോ അരിയും ലഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചന് വേണ്ടി അടുക്കള ഉപകരണങ്ങൾ വാങ്ങിയിട്ടില്ല. സംഭാവനയായി തുകയൊന്നും ലഭിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണ്.

### 1-25 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല- വാർഷിക കണക്കുകളിലെ തുകകളിൽ വ്യക്തതയില്ല

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് ഇതുവരെ നടപ്പായിട്ടില്ല. അതിനാൽ വാർഷിക കണക്കുകളിൽ നൽകിയിട്ടുള്ള ആസ്തികളുടെ വിവരവും തേയ്മാനത്തിന്റെ വിവരവും വ്യക്തതയില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും ആസ്തി രജിസ്റ്റിൽ ചേർത്ത് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിന് യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 2022-23 സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾക്കനുസൃതമായി മാത്രമേ റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റുകൾ അനുവദിക്കുകയുള്ളവെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആസ്തികൾ കൃത്യമായി തിട്ടപ്പെടുത്തിയില്ലെങ്കിൽ ഗ്രാന്റിൽ കുറവ് വരുന്നതിന് ഇടയാകും. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടു പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 രണ്ടാം വാർഡിൽ പുതിയ കമ്യൂണിറ്റി ഹാൾ നിർമ്മാണം - അധിക തുക പിൻവലിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 189/19, 159/21 |
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| അടങ്കൽ | ₹1000000/-<br>(വികസനഫണ്ട്-പൊതുവിഭാഗം ₹865610/-,<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്- ₹134390/-) |
| കരാറുകാരൻ | ശ്രീ രാജേന്ദ്രൻ ടി വി |

| | |
|---|---|
| അളവ് ബുക്ക് | 271/18-19 |
| കരാർ നം/ തുക | 64/19-20/AE/KPM Dt. 12.12.2020 ₹981965.24 |
| ബിൽ നം. തുക | 181004520127012397 04/22.02.2019 ₹687783/-<br>19100452012701351170/26.02.2020-₹134390/-<br>20100452012700074989/17.04.2020 -₹95683/- |
| ആകെ | ₹ 917816 |

2018-19 വർഷം ആരംഭിച്ച ഈ പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ആദ്യപാർട്ട് ബിൽ പ്രകാരം റീട്ടെൻഷൻ പിടിച്ച ₹17195/- ഫൈനൽ ബിൽ പ്രകാരം കരാറുകാരന് നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ട്രഷറി ബിൽ പകർപ്പ് പ്രകാരം സെക്രട്ടറിയുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

2. അളവ് ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം ₹900661.74/-. എന്നാൽ മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം ₹917856/- ചെലവഴിച്ചിരിക്കുന്നു. ₹17195/-അധികമായി ചെലവ് ചെയ്തിരിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/08.12.2021 ന് മറുപടി ലഭിച്ചിട്ടില്ല. അധികം ചെലവഴിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന ₹17195/- വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

3-2 കാലിവീപ്പയുടെ വില ഈടാക്കിയില്ല.

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ, പേര് | കട്ടേക്കാനം കുന്നത്തുപടി തണ്ണിപ്പാറ പുരുഷൻ മുക്ക് റോഡ് ടാറിംഗ് 209/21 |
| അടങ്കൽ തുക ₹ | ₹743520/- (മെയിന്റനൻസ് ഗ്രാന്റ്- റോഡ്) |
| കരാറുകാരൻ | ശ്രീ പി കെ സോമൻപിള്ള |
| അളവ് പുസ്തകം | 490/20 |
| ആകെ ബിൽ തുക ₹ | 20100452012700263770/16.06.2020-₹743520 |
| SS1 ബിറ്റുമിൻ അളവ് പുസ്തകപ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം )/വീപ്പകളുടെ എണ്ണം | 927കി ഗ്രാം<br>927/200= 4.645 |
| RS1 ബിറ്റുമിൻ അളവ് പുസ്തകപ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം )/വീപ്പകളുടെ എണ്ണം | 300 കി. ഗ്രാം<br>300/182=1.64 |
| S-65(VG-30) ഉപയോഗിച്ച അളവ് (കി.ഗ്രാം)/ വീപ്പകളുടെ എണ്ണം | 2298<br>2298/156=14.73 |
| ആകെ കാലിവീപ്പകൾ | 22 |

ഒരു കാലിവീപ്പയുടെ മൂല്യം = ₹238/- + 18% GST

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 40 വീപ്പകളുടെ മൂല്യം =22x 238 = ₹5236/-

ബാധകമായ GST = (238 X 18% ) X 22 =₹942.48/-

ആകെ = ₹6178.48/- അതായത്₹ 6178 /-

തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/തീ.09.12.2021 ) മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ(പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ എന്നിവ പ്രകാരം കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. കാലിവീപ്പകളുടെ മൂല്യം ₹6178/- കരാറുകാരനിൽനിന്നോ, ബില്ലിൽനിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയറിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | -- |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകളുടെ വിവരങ്ങൾ ചുവട ചേർക്കുന്നു.

| നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2020-21 | 4000000 | കരുണാപുരം മാർക്കറ്റ് നിർമ്മാണം | 624870 | 3375130 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2020-21 | 2200000 | ലൈഫ് വിഹിതം | 0 | 2200000 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2020-21 | 253300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 253300 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2020-21 | 500000 | പാലിന് സബ്സിഡി | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പാതിരിച്ചടവ്

വായ്പ ഇനത്തിൽ തൻവർഷം ₹2900000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ ₹ | |
| ജവഹർ ഭവനപദ്ധതി | നം.11.ബിഡി1/2016 തസ്വഭവ തീയതി. 20.01.2016 | 15000000 | 9000000 | | 1500000 | 381489 | 7500000 |
| ലൈഫ് | ലഭ്യമല്ല | 58120000 | 54443529 | 2900000 | 4712862 | | 52630667 |

| | | | | | | | |
|---|---|---|---|---|---|---|---|
| മിഷൻ | | | | | | | |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500000 |
| തൻവർഷം നിക്ഷേപിച്ച തുക<br>(100000/- + 38000/- പലിശ പുതുക്കി നിക്ഷേപിച്ചു) | 1038000 |
| ആകെ | ₹1538000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹1538000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം സർട്ടിഫിക്കറ്റ് നം.052 | 11.03.2020 | 24 മാസം | 1538000 | 30.03.2021 ൽ പുതുക്കി |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2003-04 | | ട്രാക്ടറിന് അധിക ചെലവ് ₹8570/- | തൽസ്ഥിതി തുടരുന്നു |
| 2000-01 | 39 | 2003-04 | 6.3.2 | കറന്റ് ചാർജ്ജ് ₹27876 | തൽസ്ഥിതി തുടരുന്നു |
| 2006-07 | 2-7 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് കൊടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്-ഷോപ്പിംഗ് കോംപ്ലക്സ് ഉ്ളുക്കപാലം മാർക്കറ്റ്-നഷ്ടം 7527/- | തൽസ്ഥിതി തുടരുന്നു |
| 2007-08 | 3-4 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം-കെ.എസ്.ഇ.ബി, എസ്.എസ്.എ, ഊർജ സുരക്ഷ മിഷൻ -608047/- | തൽസ്ഥിതി തുടരുന്നു |
| 2008-09 | 3-12 | 2011-12 | 2-4 | വരുമാന പരിധിയിലും ഉയർന്ന വരുമാനമുള്ളവർക്ക് ആനുകൂല്യം നൽകി-₹2000/- | തൽസ്ഥിതി തുടരുന്നു |
| | അനുബന്ധം 2 | 2014-15 | | നിഷ്ക്രിയ ആസ്തികൾ-അവലോകന റിപ്പോർട്ട് | തൽസ്ഥിതി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി-അപാകതകൾ | തൽസ്ഥിതി തുടരുന്നു |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തര വാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങൾ | | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28 | പി.റ്റി. ഏലിയാമ്മ | LF9391/Spl. Cell./SC2002 /8/10/02 | 4548 | | | | | | 4548 | |
| | | 30 | " | LF9391/Spl. Cell./SC2002 /8/10/02 | 517 | | | | | | 517 | |
| | | 31 | " | LF9391/Spl. Cell./SC2002 /8/10/02 | 2250 | | | | | | 2250 | |
| | | 32 | " | LF9391/Spl. Cell./SC2002 /8/10/02 | 539 | | | | | | 539 | |
| | | 33 | " | LF9391/Spl. Cell./SC2002 /8/10/02 | 7425 | | | | | | 7425 | |
| | | 34 | " | LF9391/Spl. Cell./SC2002 /8/10/02 | 2946 | | | | | | 2946 | |
| | 2000-01 | 21 | പി ഡി രവീന്ദ്രൻ | LF 11295/Spl. Cell.SC2/05 /20.06.06 | 2820 | | | WP(C)/1870 /20/09 | | | 2820 | |
| | 2000-01 | 25 | " | LF 11295/Spl. Cell.SC2/05 /20.06.06 | 8050 | | | WP(C)/1870 /20/09 | | | 8050 | |
| | 2000-01 | 38 | " | LF 11295/Spl. Cell.SC2/05/ 20.06.06 | 48701 | | | WP(C)/1870 /20/09 | | | 48701 | |
| | 2000-01 | 39 | " | LF 11295/Spl. Cell.SC2/05/ 20.06.06 | 48701 | | | WP(C)/1870 /20/09 | | | 48701 | |
| | 2000-01 | 45 | " | LF 11295/Spl. Cell.SC2/05/ 20.06.06 | 6394 | | | WP(C)/1870 /20/09 | | | 6394 | |
| | 2000-01 | 48 | " | LF 11295/Spl. Cell.SC2/05/ 20.06.06 | | | | | | | | |
| 1 | 2001-02 | 2-2 2-11, 2-14(2) | പി ഡി രവീന്ദ്രൻ | LF 6903/06 DT 25/05 | 242000 | - | - | - | - | - | 242000 | - |
| 2 | 2005-06 | 3-4 | എൻ.ജെ. ജോസഫ് | LF 1781/Spl. Cell./SC2/08/ 13.5.10 | 2158 | - | - | - | - | - | - | - |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | " | " | കെ.എം. ഉഷാനന്ദൻ | LF 1781/ Spl. Cell./ SC2/08/ 13.5.10 | 2159 | | | | | 2159 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹ 17470734 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹ 112654910 |
| ആകെ | : | ₹130125644 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹115709950 |
| നീക്കിയിരിപ്പ് | : | ₹14415694 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹23373 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1382234 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 17195 | ശ്രീ. സൈജു ടി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 5236 | ശ്രീ. സൈജു ടി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 22431 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 348000 | ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-20-1 | 150000 | ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-20-2 | 18334 | ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-21 | 471915 | ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-22 | 198985 | ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-23 | 195000 | ശ്രീ. ബ്രൈറ്റ്മോൻ പി. അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1382234 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 942 | ശ്രീ. സൈജു ടി<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| | | |
|---|---|---|
| ശ്രീ. ബ്രൈറ്റ്മോൻ പി. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കരുണാപുരം ഗ്രാമപഞ്ചായത്ത് | ബ്രൈറ്റ് ഹൌസ്, കൊച്ചറ പി.ഒ.- 686551 |
| ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി | സെക്രട്ടറി കരുണാപുരം ഗ്രാമപഞ്ചായത്ത് | നരിക്കുഴിയിൽ വീട്, ചേമ്പളം പി.ഒ. നെടുങ്കണ്ടം |
| സൈജു ടി അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക് ഓഫീസ് നെടുങ്കണ്ടം | ബിജു സദനം രാജാക്കാട് പി.ഒ. ഇടുക്കി ജില്ല |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 | Ksa-Idk 12/207/18 Dt 18/01/18 | 6 | 28,30,31,32,33,34 |
| 2000-01 | Ksa-Idk 12/207/18 Dt18/01/18 | 5 | 21,25,38,39,45,48 |
| 01-02 | Ksa-Idk 12/207/18 Dt 18/01/18 | 2 | 2-2-11,2-14-2 |
| 05-06 | Ksa-Idk 12/207/18 Dt. 18/01/18 | 1 | 3-4 |
| 06-07 | LFI.12/511/15 Dt 01/07/2015 | 7 | 2-1,2-2,2-3,3-1,3-2,3-3,3-4 |
| 07-08 | LFI12/1029/2011 Dt 14/10/11 | 22 | 2-1മുതൽ2-14, 3-1 മുതൽ3-8 |
| 08-09 | LFI 12/725/12 Dt22/01/14 | 25 | 2-1 മുതൽ 2-12,3-1to3-4,3-6to3-15 |
| 09-10 | LFI 12/726/2/12 Dt 21/03/13 | 13 | 2-1,2-3,2-4,2-5,2-6,2-7,3-1, 3-2,3-3,3-6,3-7,3-8,3-9 |
| 10-11 | LFA-12/23/14 Dt 10/9/14 | 16 | 2-1,2-2,2-4,3-1,3-2,3-3, 3-4,3-5, 3-6,3-7,3-8,3-9,3-10, 3-11,3-12,3-13 |
| 11-12 | LFI 12/1292/14 | 8 | 2-1,2-2,2-3,2-4,3-1, 3-2,3-3,3-4 |
| 12-13 | LFI 12/511/15 | 7 | 2-1,2-2,2-3,3-1, 3-2,3-3,3-4 |
| 13-14 | KSA IDK 12/91/2016 Dt 31/05/16 | 7 | 2-1,2-2,2-3,3-1, 3-2,3-3,3-4 |
| 14-15 | KSA-IDK12/1144/16 | 6 | 2-1,3-1,3-2,3-3,3-4,3-5 |
| 15-16 | KSA IDK 12/450/17 Dt 11/4/2017 | 12 | 2-1,2-2,2-3,2-4, 2-5,3-1,3-2, 3-3,3-4,3-5,3-6,3-7 |
| 16-17 | KSA-IDK 12/1509/17 Dt2/11/17 | 11 | 2-1,2-2,2-3,2-4, 2-5,3-1,3-2, 3-3,3-4,3-5,3-6 |
| 2017-2018 | കെ എസ് എ. ഐ ഡി കെ.12/1167/2018 തീയതി 30.10.2018 | 1 | 3-8 |
| 2018-19 | കെ എസ് എ. ഐ ഡി കെ.12/860/2020 തീയതി 16.11.2020 | 15 | 1-11 മുതൽ 1-25 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്